| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനാലാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.276 | | 08/06/2015 ൽ മറുപടിക്ക് | |
| അഴിമതിക്കെതിരെ ഫലപ്രദമായ നടപടി | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.ജി.സുധാകരൻ<br>ശ്രീ.സി.രവീന്ദ്രനാഥ്<br>ശ്രീ.എം.ഹംസ<br>ഡോ.കെ.ടി.ജലീൽ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | സമസ്ത മേഖലകളിലും അഴിമതി കൊടികുത്തി വാഴുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അഴിമതി ഫലപ്രദമായി നേരിടുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (എ) | വിവിധ മേഖലകളിലെ അഴിമതിയെ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ വ്യക്തമായി ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾ അന്വേഷിക്കുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നിലവിലെ അധികാരമുപയോഗിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾക്കു പുറമെ അതാതു വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രത്യേകം പ്രത്യകം വിജിലൻസ് സെല്ലുകൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. അഴിമതി ഫലപ്രദമായി നേരിടാൻ ഇത്തരം സംവിധാനങ്ങൾ പര്യാപ്തമാണ്. |
| (ബി) | സർക്കാർ തലത്തിൽ അഴിമതി വർദ്ധിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; മന്ത്രിമാർ ആരോപണ വിധേയരാകുന്നതും, പല കേസുകളിലും പ്രതികളാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അഴിമതി കർശനമായി നേരിടാൻ നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് അഴിമതി സംബന്ധിച്ച കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. ആരോപണ വിധേയരാകുന്നവരുടെ പദവിയോ, ആരോപണ കർത്താവിന്റെ ഉദ്ദേശ്യ ശുദ്ധിയോ നോക്കാതെ നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി മന്ത്രിമാരുടെ പേരിലുള്ള ആരോപണങ്ങളും അന്വേഷണ വിധേയമാക്കിയിട്ടുണ്ട്. |
| (സി) | അഴിമതിക്കാരെ ഭരണത്തിന്റെ എല്ലാ തലങ്ങളിൽ നിന്നും അകറ്റി നിർത്തുന്നതിനും, ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ മുഖം നോക്കാതെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ? | (സി) | ഉന്നയിക്കപ്പെടുന്ന ആരോപണങ്ങളിൽ നിയമം അനുശാസിക്കുന്ന രീതിയിൽ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ